പോലീസ് വകുപ്പ്

കേരളം

**No.H2-43474/2023/DR**
ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
✉spkkdrl.pol@kerala.gov.in
📞04962523031
തീയതി.24-08-2024

**DO No. 542/2024/ഡി ആർ**

വിഷയം : അച്ചടക്ക നടപടി - ശ്രീ.ഹരിദാസൻ.എം (PEN 147652), GASI D 7258, വളയം പി.എസ് എന്നവർക്കെതിരെയുള്ള വാക്കാലല്ലാത്ത അന്വേഷണം - (H2/PR-10/2023/DR)- പി.ആർ മിനുറ്റ്സ് തീർപ്പ് കല്പിക്കുന്നത് -സംബന്ധിച്ച്

സൂചന : 1) 17/08/2023 തിയ്യതിയിലെ H2/43474/2023/DR നമ്പർ ഉത്തരവ്
2) പോലീസ് ഇൻസ്പെക്ടർ, തൊട്ടിൽപ്പാലം പി.എസ് സമർപ്പിച്ച പി.ആർ മിനുറ്റ്സ്
3) 04/03/2024 തിയ്യതിയിലെ H2/43474/2023/DR നമ്പർ നോട്ടീസ് (പി.ആർ മിനുറ്റ്സ് സഹിതം)
4) ശ്രീ.ഹരിദാസൻ.എം ഹാജരാക്കിയ 15/03/2024 തിയ്യതിയിലെ മറുപടി
5) 27/06/2024 തിയ്യതിയിലെ H2/43474/2023/DR നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6) ശ്രീ.ഹരിദാസൻ.എം ഹാജരാക്കിയ 11/07/2024 തിയ്യതിയിലെ മറുപടി

**ശ്രീ.ഹരിദാസൻ.എം (PEN 147652), ഗ്രേഡ് എ.എസ്.ഐ D 7258** എന്നവർ വളയം പി.എസ്സിൽ ജോലി ചെയ്ത് വരവേ 02/08/2023 തിയ്യതി ടിയാന്റെ വാട്ട്സ്ആപ്പിൽ ബഹു. കേരള നിയമസഭാ സ്പീക്കറെ അവഹേളിക്കുന്ന തരത്തിൽ സ്റ്റാറ്റസ് ഇട്ടതായും, ക്രമ സമാധാന ചുമതല വഹിക്കേണ്ട ഓഫീസർ തന്നെ മതസ്പർദ്ധ പരത്തുന്ന മെസ്സേജ് സമൂഹ മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യുമ്പോൾ വലിയ കലാപത്തിന് സാധ്യതയുണ്ടെന്നും, ടിയാന്റെ പേരിൽ കർശന നടപടി സ്വീകരിക്കണമെന്നും മറ്റും കാണിച്ച് ഡി.വൈ.എഫ്.ഐ. വളയം മേഖല സെക്രട്ടറി പരാതി നൽകുകയും, പ്രസ്തുത പരാതിയിൽ ഡി.വൈ.എസ്.പി, നാദാപുരം പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിൽ ശ്രീ.ഹരിദാസൻ.എം, ഗ്രേഡ് എ.എസ്.ഐ D 7258 രാഷ്ട്രീയ, മത സ്പർദ്ധ വളർത്തുന്ന വാട്ട്സ് ആപ്പ് സ്റ്റാറ്റസ് സാമൂഹിക മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചെന്നും, സമൂഹ്യമാധ്യമങ്ങളിൽ പോലീസ് സേനാംഗങ്ങൾ വ്യക്തിപരമായി ഇടപെടുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച് വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ള സർക്കുലർകൾക്കും, നിലവിലെ നിയമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുക വഴി ഗുരുതരമായാ കൃത്യവിലോപവും, അച്ചടക്ക ലംഘനവും കാണിച്ചുവെന്ന് ബോധ്യമായതിനെ തുടർന്ന് സൂചന 1 ഉത്തരവ് പ്രകാരം പോലീസ് ഇൻസ്പെക്ടർ, തൊട്ടിൽപ്പാലം പി.എസ്സിനെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തികൊണ്ട് ടിയാനെതിരെ ഒരു വാക്കാലല്ലാത്ത അന്വേഷണത്തിന് ഉത്തരവിട്ടിരുന്നു. അന്വേഷണാനന്തരം അന്വേഷണ ഉദ്യോഗസ്ഥൻ സൂചന 2 പ്രകാരം സമർപ്പിച്ച പി.ആർ മിനുറ്റ്സിന്റെ ഒരു പകർപ്പ് ടിയാന് സൂചന 3 പ്രകാരമുള്ള നോട്ടീസിനോടൊപ്പം നല്കിയിട്ടുള്ളതുമാണ്.

ശ്രീ.ഹരിദാസൻ.എം, ഗ്രേഡ് എ.എസ്.ഐ D 7258 എന്നവർക്കെതിരെയുള്ള ആരോപണങ്ങൾ തെളിയുന്നതായി പി.ആർ മിനുറ്റ്സും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ വ്യക്തമാകുകയും, ആയതിനെതിരെ ടിയാൻ സൂചന 4 പ്രകാരം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാലും അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനങ്ങളോട് യോജിച്ച് കൊണ്ട് ടിയാന്റെ മേൽ പ്രവർത്തിയ്ക്ക് ശിക്ഷയായി ടിയാന്റെ അടുത്ത വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞു വെക്കുവാൻ താൽക്കാലികമായി തീരുമാനിക്കുകയും, ടിയാന് സൂചന 5 പ്രകാരം കാരണം കാണിക്കൽ

നോട്ടീസ് നൽകുകയുമുണ്ടായി. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് സൂചന 6 പ്രകാരം ടിയാൻ സമർപ്പിച്ച വിശദീകരണം പരിശോധിച്ചുവെങ്കിലും ആയത് തൃപ്തികരമല്ല.

ആയതിനാൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തികൊണ്ട് ശ്രീ.ഹരിദാസൻ.എം, ഗ്രേഡ് എ.എസ്.ഐ D 7258 എന്നവരുടെ **അടുത്ത വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞു വെച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.** മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി 2 മാസത്തിനകം ടിയാന് ബഹു.കണ്ണൂർ റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

23-08-2024
നിധിൻരാജ് പി ഐ.പി.എസ് ,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ.ഹരിദാസൻ.എം, ഗ്രേഡ് എ.എസ്.ഐ D 7258 എന്നവർക്ക് എസ്.എച്ച്.ഒ, വളയം പി.എസ് മുഖാന്തിരം

പകർപ്പ് : 1) എസ്.എച്ച്.ഓ, വളയം പി.എസ് (3 പകർപ്പുകൾ )- നടത്തിപ്പിനും, തിയ്യതി വെച്ച് ലക്ഷ്യം വാങ്ങി തിരികെ അയക്കുന്നതിനും

2) അഡിഷണൽ എസ്.പി, എ.എ, മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്, സി.എ എന്നിവരുടെ അറിവിലേക്കായി

3) എ1 മുതൽ എ5 B, ബി1 മുതൽ ബി3, എഫ് 1 മുതൽ എഫ് 6 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി

4) ഡി.ഓ ബുക്ക്, ഡി.ഓ ഫയൽ